**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - ഹൈടെക് സ്കൂൾ പ്രോജക്ട് - പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ മുഴുവൻ ഐ.സി.ടി ഹാർഡ്‌വെയർ ഉപകരണങ്ങളും വാങ്ങുന്നതിന് പൊതു മാനദണ്ഡം ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചത് - കൂടുതൽ ഉപകരണങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ.(സാധാ)നം.2515/2017/പൊ.വി.വ. തിരുവനന്തപുരം,തീയതി,30.07.17

---

പരാമർശം:-
1. സ.ഉ.(സാധാ)നം.460/2017/പൊ.വി.വ. തീയതി 20.02.17
2. പൊതുവിദ്യഭ്യാസ ഡയറക്ടറുടെ 30.05.2017 ലെ എൻ.ഇ.പി(3)/40036/2017 ഡി.പി.ഐ നമ്പർ നടപടിക്രമം
3. ഐടി@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02.06.2017 ലെ ITS/2017/1515 (22) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സർക്കാർ ചുമതലപ്പെടുത്തിയ വിദഗ്ധരായ സാങ്കേതിക സമിതിയുടെ മേൽനോട്ടത്തിൽ കെൽട്രോൺ ദേശീയ ടെണ്ടർ നടത്തി ബൾക്ക് പർച്ചേസ് നടത്തി ലഭിച്ച വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച നടപടിക്രമം / മാർഗ്ഗനിർദ്ദേശങ്ങൾ പൊതു വിദ്യാഭ്യാസ / HSS / VHSE വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ സി ടി ഹാർഡ്‌വെയർ ഉപകരണങ്ങൾ സർക്കാർ എം.പി / എം.എൽ.എ /തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ടുപയോഗിച്ചുള്ള വാങ്ങലുകൾക്കും ഒറ്റപ്പെട്ട വാങ്ങലുകൾക്കും ബാധകമാക്കി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പുതിയ നടപടിക്രമത്തിൽ 3 KVA UPS, വൈറ്റ് ബോർഡ്, യു.എസ്.ബി സ്പീക്കർ, പ്രൊജക്ടർ മൗണ്ടിങ് കിറ്റ് എന്നീ നാല് ഇനങ്ങൾ വാങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അതോടൊപ്പം സ്കൂളുകളിലേക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും ഇനിമുതൽ നൽകുന്ന എല്ലാ ഉപകരണങ്ങൾക്കും ചുരുങ്ങിയത് അഞ്ച് വർഷം വാറന്റി ഉറപ്പാക്കണമെന്നും ഈ ഇനങ്ങൾക്കൊന്നും ഇൻസ്റ്റലേഷൻ, ട്രാൻസ്പോർട്ടേഷൻ തുടങ്ങിയ പ്രത്യേകം ചാർജുകൾ ഈടാക്കരുതെന്ന നിർദ്ദേശവും ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും ആയതിനാൽ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്നാവശ്യപ്പെട്ട് ഐടി @ സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം കത്ത് സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച 3 KVA UPS, വൈറ്റ് ബോർഡ്, യു.എസ്.ബി സ്പീക്കർ, പ്രൊജക്ടർ മൗണ്ടിങ് കിറ്റ് എന്നീ നാല് ഇനങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമം / മാർഗ്ഗനിർദ്ദേശങ്ങൾ പൊതു വിദ്യാഭ്യാസ / HSS / VHSE വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി ഹാർഡ്‌വെയർ ഉപകരണങ്ങൾ സർക്കാർ എം.പി/ എം.എൽ.എ /തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ടുപയോഗിച്ചുള്ള വാങ്ങലുകൾക്കും ഒറ്റപ്പെട്ട വാങ്ങലുകൾക്കും ബാധകമാക്കി ഉത്തരവാകുന്നു. സ്കൂളുകളിലേക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും ഇനിമുതൽ നൽകുന്ന എല്ലാ ഐ.സി.ടി ഉപകരണങ്ങൾക്കും ചുരുങ്ങിയത് അഞ്ച് വർഷം വാറന്റി ഉറപ്പാക്കണമെന്നും ഈ ഇനങ്ങൾക്കൊന്നും ഇൻസ്റ്റലേഷൻ, ട്രാൻസ്പോർട്ടേഷൻ തുടങ്ങിയ പ്രത്യേകം ചാർജ്ജുകൾ ഈടാക്കാൻ പാടില്ല എന്നും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പി.എസ്.കൃഷ്ണകുമാർ**
**അഡീഷണൽ സെക്രട്ടറി**

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ & പിആർഡി,തിരുവനന്തപുരം (വെബ് സൈറ്റ് മുഖാന്തിരം പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.